# പിൻകുറിപ്പ്

കേട്ടെഴുത്തുകാരനായ ഗണപതിയെ ആലോചനയിൽ പിടിച്ചുനിർത്താൻ വ്യാസൻ ചമച്ച കൂടശ്ളോകങ്ങളാൽ സമ്പന്നമാണ് മഹാഭാരതം. അവയിൽ 8800 ശ്ളോകങ്ങളുടെ അർത്ഥം തനിക്കും ശുകനും അറിയാം; സഞ്ജയന് അറിയാമോ ആവോ - ആഖ്യാതാവായ ഉഗ്രശ്രവസ്സ് ആദിപർവ്വത്തിലെ ആദ്യത്തെ അധ്യായമായ അനുക്രമണികാപർവ്വത്തിൽ അവകാശപ്പെടുന്നു. പാശ്ചാത്യപണ്ഡിതർ മഹാഭാരതത്തെ ആദ്യമായി സമീപിച്ചപ്പോഴുണ്ടായ പ്രതികരണങ്ങൾക്ക്[1] - സാഹിത്യ അസംബന്ധം (Winternitz), ഭീമാകാരമായ അലങ്കോലം (Oldenberg) - ഒരു കാരണം ഈ ഗ്രന്ഥികളാവാം. എന്നാൽ, പല നൂറ്റാണ്ടുകൾക്ക് മുമ്പ് മാധ്വാചാര്യരും[2], നീലകൺഠനും[3] വ്യാഖ്യാനങ്ങൾ വഴിയും, ആനന്ദവർദ്ധനൻ ധ്വനിയിലൂടെയും[4] മഹാഭാരതമെന്ന പ്രഹേളികയിലേയ്ക്ക്, ഗൂഢാർത്ഥങ്ങളിലേയ്ക്ക്, മഹാഭാരതവും വേദവും തമ്മിലുള്ള ബന്ധങ്ങളിലേയ്ക്ക് വെളിച്ചം വീശിയിട്ടുണ്ട് എന്ന വസ്തുത നാമോർക്കുക. ഈ ഭാരതീയ പാരമ്പര്യത്തിലൂന്നിയ നാല് പഠനങ്ങൾ ഇപ്പോൾ വിവർത്തനം വഴി മലയാളത്തിലെത്തുന്നു. കേന്ദ്ര സാഹിത്യ അക്കാദമി 1987ൽ സംഘടിപ്പിച്ച അന്തർദ്ദേശീയ മഹാഭാരത സെമിനാറിലാണ് ഈ പ്രബന്ധങ്ങൾ ആദ്യമായി അവതരിക്കപ്പെട്ടത്.

മഹാഭാരതമെന്താണെന്ന്, മുഖ്യമായും മഹാഭാരതത്തെത്തന്നെ ആശ്രയിച്ച്, നമ്മെ മനസ്സിലാക്കാൻ പ്രൊഫ. മിശ്ര ശ്രമിക്കുന്നു. *നാരായണം നമസ്കൃത്യ* എന്നു തുടങ്ങുന്ന ആദ്യശ്ലോകത്തിന് നവമായ അർത്ഥങ്ങൾ കണ്ടെത്തുന്ന ഈ പഠനത്തിൽ മഹാഭാരതമെന്ന വൃക്ഷം പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. അനുക്രമണികാ പർവ്വത്തിൽ, ഉഗ്രശ്രവസ്സ് മഹാഭാരതത്തിലെ പർവ്വങ്ങളെ ഒരു വൃക്ഷത്തോട് ബന്ധപ്പെട്ട ഭാഗങ്ങളായി രൂപണം ചെയ്യുന്നത് ഇതിലൊന്നാണ്. ഈ രൂപണം വായനക്കാരന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, അവസാനഭാഗം എന്തുകൊണ്ടോ വിട്ടുപോയിരിക്കുന്നു. ഈ ഭാഗം *മൗസലം ശ്രുത്യന്തം* എന്നാണ്.

മഹാഭാരതത്തിലെ ഇരുണ്ട പർവ്വമായ മൗസലം വേദത്തിന്റെ കാതലോ? ഇത് കാണുന്ന പണ്ഡിതന്റെ, വിശേഷിച്ചും, പാശ്ചാത്യർ വെട്ടിയ വഴിയിൽ നടക്കുന്ന പണ്ഡിതന്റെ, ആദ്യത്തെ പ്രതികരണം ഇത് പിന്നീടു വന്നവർ മഹാഭാരതം മനസ്സിലാക്കാതെ കൂട്ടിച്ചേർത്ത കഥയില്ലായ്മയാണെന്നായിരിക്കാം. ഈ വൃക്ഷരൂപണം, വ്യാസഭാരതത്തിന്റെ വിമർശാത്മകപ്പതിപ്പ് (Critical Edition)[5] പ്രസിദ്ധീകരിച്ച ഭണ്ഡാർക്കർ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകാർ പ്രക്ഷിപ്തം എന്ന് തള്ളിക്കളഞ്ഞതുമാണ്. എന്നാൽ നമുക്ക് ഇതുകൊണ്ടു തൃപ്തിപ്പെടേണ്ടതില്ല. കൃഷ്ണദ്വൈപായനൻ, വാസുദേവകൃഷ്ണന്റെ മഹത്വം മൗസലപർവ്വത്തിലൂടെ എങ്ങനെ വ്യക്തമാക്കിത്തരുന്നുവെന്ന് ബുദ്ധദേവ ബോസിന്റെ *മഹാഭാരതേർ കൊഥ*[6]യിൽ നമുക്ക് കാര്യകാരണസഹിതം കണ്ടെത്താം. *മൂലം മേലായ്, ശാഖ കീഴായ്* ചൊല്ലപ്പെട്ട അശ്വത്ഥവൃക്ഷത്തെ അറിഞ്ഞവർ വേദവിത്തുക്കളാണെന്ന് ഒരു കൃഷ്ണൻ മറ്റൊരു കൃഷ്ണൻ വഴി നമ്മോട് പറഞ്ഞതും മഹാഭാരതത്തിലുണ്ടെന്നു ഓർമ്മിപ്പിക്കുവാനും പ്രൊഫ. മിശ്ര മറന്നിട്ടില്ല.

മഹാഭാരതത്തിലെ ഏറ്റവും താത്പര്യമുണർത്തുന്ന കഥാപാത്രം ഒരു പ്രധാന കഥാപാത്രമായ കൃഷ്ണദ്വൈപായനവ്യാസൻ തന്നെ എന്ന് പ്രൊഫ. ജെ. എൽ. മേത്ത സോദാഹരണം ചൂണ്ടിക്കാട്ടുന്നു. പ്രതിസ്മൃതിയെക്കുറിച്ചുള്ള പ്രൊഫ. മേത്തയുടെ ഉൾക്കാഴ്ച വഴി, അനുക്രമണികാ പർവ്വത്തിൽ ബ്രഹ്മാവുമായുള്ള സംഭഷണത്തിൽ *മഹാഭാരതത്തിൽ വേദരഹസ്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്* എന്ന വ്യാസന്റെ പ്രഖ്യാപനത്തിന്റെ പൊരുൾ നമുക്ക് മനസ്സിലാവുന്നു. മഹാഭാരതത്തിന്റെ നാനാർത്ഥങ്ങൾ അന്യഭാഷകളിലേക്കുള്ള വിവർത്തനങ്ങളിൽ എത്രമാത്രം നഷ്ടമാകുന്നു എന്ന ദുഃഖസത്യം കൂടി ഇതോടൊപ്പം നമ്മളറിയുന്നു.

അനൃശംസ്യമാണ് പരമമായ ധർമ്മമെന്നു് മഹാഭാരതത്തിൽ പലവുരു കാണാം. എന്താണീ അനൃശംസ്യം? ഈ സങ്കൽപത്തെ വിശദമാക്കുന്ന പഠനമാണ് പ്രൊഫ. ലാത്തിന്റേത്. ജീവിതത്തിൽ അനുസന്ധാനം ചെയ്യാവുന്ന ഒരു പ്രായോഗിക തത്വശാസ്ത്രമാണ് അനൃശംസ്യമെന്ന് ലാത്ത് മഹാഭാരതത്തിൽ നിന്നുള്ള പല ആഖ്യാനങ്ങൾ വഴി കാണിച്ചു തരുന്നു. തുലാധാരനെന്ന കച്ചവടക്കാരനെ സമീപിക്കുന്ന ജാജലി എന്ന ബ്രാഹ്മണന്റെ കഥ ശാന്തിപർവ്വത്തിൽ ഉണ്ട്. പാരമ്പര്യത്തെ ചോദ്യം ചെയ്യുന്ന തുലാധാരൻ ഉപദേശിക്കുന്നത് പിൻവലിയലാണെന്നാണ് (നിവൃത്തി മാർഗ്ഗം) പ്രൊഫ. ലാത്തിന്റെ അഭിപ്രായം.

ത്രാസ് ധരിച്ചവൻ ആണല്ലോ തുലാധാരൻ. പ്രൊഫ. ലാത്ത് അഭിപ്രായപ്പെടുന്നതു പോലെ, തുലാധാരൻ നിവൃത്തി മാർഗ്ഗമാണോ ഉപദേശിക്കുന്നത്? ജീവിതത്തോട് സമതുലിതമായ ഒരു വീക്ഷണമല്ലേ തുലാധാരൻ അനുശാസിക്കുന്നത്? പ്രത്യേകിച്ചും ഒരു കച്ചവടക്കാരനായ തുലാധാരൻ? വനപർവ്വത്തിൽ, തന്നെ സമീപിച്ച കൗശിക ബ്രാഹ്മണന് ധർമ്മമുപദേശിച്ച ഇറച്ചിക്കച്ചവടക്കാരനേയും (ധർമ്മവ്യാധൻ) ഒരു പക്ഷെ നമുക്കോർമ്മിക്കാം. പ്രവൃത്തിമാർഗ്ഗത്തിലൂടെയുള്ള നിവൃത്തി മാർഗ്ഗമാണ് സാമൂഹ്യ ജീവിതത്തെ നിരസിക്കാത്ത, അബ്രാഹ്മണരായ, സ്വന്തം പേരില്ലാത്ത, ധർമ്മവ്യാധനും തുലാധാരനും സ്വന്തം ജീവിതത്തിലൂടെ ഉയർത്തിക്കാട്ടുന്നതെന്ന്, ഒരു പക്ഷേ, നമുക്ക് കണ്ടെത്താം.

എന്താണ് മഹാഭാരതം? William Sax[7] ചൂണ്ടിക്കാണിച്ചത് പോലെ, "മഹാഭാരതം പണ്ഡിതന് ഇതിഹാസ ഗ്രന്ഥമാണ്, ഇന്ത്യയിലെ കുട്ടിക്ക് മുത്തശ്ശിക്കഥയാണ്, ഇന്തോനേഷ്യൻ രാജാവിന് രാജ്യതന്ത്രത്തിന്റെ മാതൃകയാണ്, ഗാർവാളിലെ ഗ്രാമീണന്, ഒരു പ്രത്യേക അനുഷ്ഠാന കലയാണ് ", മറ്റു പലർക്കും മറ്റു പലതുമാണ്. മഹാഭാരതം എല്ലാവർക്കും, അവരവരുടെ നിലയിൽ, അവകാശപ്പെട്ടതാണെന്ന് നമ്മെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുന്നതാണ് പ്രൊഫ. ലാലിന്റെ മഹാഭാരത പ്രവേശിക. ഒരുലക്ഷത്തിൽപ്പരം ശ്ലോകങ്ങളുടെ വാചാലതയിലൂടെ ഒരു മഹാമൗനത്തിന്റെ മറ സൃഷ്ടിച്ച വ്യാസന്റെ മഹാഭാരതത്തിലെ *പറയപ്പെടാത്ത സത്യം* എന്തെന്ന അന്വേഷണത്തിന് പ്രൊഫ. ലാൽ മൂന്ന് ആഖ്യാനങ്ങളുടെ സഹായം തേടുന്നു. (പ്രദീപ് ഭട്ടാചാര്യയുടെ Desire and its Fruits in the Mahabharata (Mother India, February 1991)എന്ന ലേഖനത്തെ ആധാരമാക്കി, ലാലിന്റെ ലേഖനത്തിന്റെ ശീർഷകം വിവർത്തനത്തിൽ മാറ്റിയിട്ടുണ്ട്.)

ആദ്യത്തേത് മുഴുവനായും ഒരു ആഖ്യാനം തന്നെ. സ്ത്രീ പർവ്വത്തിൽ വിദുരൻ വിശദീകരിക്കുന്ന ഗർത്തത്തിലെ മനുഷ്യൻ എന്ന അന്യാപദേശകഥ. ഈ കഥയ്ക്ക് പാശ്ചാത്യലോകത്ത് വന്നുചേർന്ന രൂപാന്തരവും പ്രൊഫ. ലാൽ നമുക്ക് കാഴ്ച വെക്കുന്നു. ഇക്കഥ ടോൾസ്റ്റോയിയെ എങ്ങനെ സ്വാധീനിച്ചു എന്നു കൂടി നമുക്ക് ഒരിടത്ത് വായിക്കാം[8].

ലാൽ മഹാഭാരതത്തിൽനിന്നു ഉദ്ധരിക്കുന്ന രണ്ടാമത്തെ ആഖ്യാനം, യുധിഷ്ഠിരന്റെ നരകദർശനത്തിന് മുമ്പുള്ള സ്വർഗ്ഗദർശനമാണ്. ഇത് ദർശനമോ, മായയോ, മതിഭ്രമമോ? നാരദനാണ് ഈ ദർശനത്തിന്റെ വഴികാട്ടി. മഹാഭാരതം അത്രയേ പറയുന്നുള്ളൂ - നാരദന് മായാദർശനത്തിന്റെ വഴികാട്ടിയാവാൻ എന്തു യോഗ്യത എന്നതിനെക്കുറിച്ച് മഹാഭാരതം നിശ്ശബ്ദം. ഈ നിശ്ശബ്ദതയുടെ പൂർത്തീകരണം നമുക്ക് പുരാണങ്ങളിലോ, നാടൻ ഐതിഹ്യങ്ങളിലോ[9] തേടാം. അതും ലാൽ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഇക്കഥയ്ക്കുമുണ്ട് ഒരു പാശ്ചാത്യരൂപം - പാശ്ചാത്യകഥ പുരോഗമിക്കുന്നതിനിടയിൽ, വായനക്കാരൻ പൊടുന്നനെ കേൾക്കുന്നു - *യത്ര സായം ഗൃഹോ മുനി* - അന്തിചെന്നേടം ഗൃഹമായ് മുനി - സന്യാസിയെ (നമ്മളെയെല്ലാം) ലാൽ വിശേഷിപ്പിച്ചതാണ്. ഇതെവിടെയാണ് നമ്മൾ കേട്ടത്? സ്വർഗ്ഗാരോഹണപർവ്വത്തിൽ നിന്ന്, നമ്മൾ പെട്ടെന്ന് ഫ്ളാഷ്ബാക്കിലൂടെ ആദിപർവ്വത്തിൽ, ആസ്തികപർവ്വത്തിൽ എത്തുന്നു - ജരൽക്കാരു! വായനക്കാരന്റെ മനസ്സിലിപ്പോൾ ഒരു ഗുഹയ്ക്കകത്ത് തല കീഴായി പുൽക്കൊടിത്തുമ്പിൽ തൂങ്ങി നിൽക്കുന്ന പിതൃക്കൾ, പുൽക്കൊടിയുടെ വേര് കരളുന്ന എലികൾ, മറ്റൊരു ഗർത്തം, സ്ത്രീപർവ്വത്തിൽ വിദുരന്റെ ബ്രാഹ്മണൻ. ശാന്തിപർവ്വത്തിൽ, തുലാധാരനെ തേടിപ്പോകുന്ന ജാജലിക്കും ഉണ്ട് ഈ വിശേഷണം! അവിചാരിതമെന്നോണം നമ്മുടെ മുന്നിലിട്ട ഒരു ഉദ്ധരണി വഴി, പ്രൊഫ. ലാൽ മഹാഭാരതത്തിന്റെ മറ്റൊരു വശത്തിലേക്ക് വെളിച്ചം കാട്ടുന്നു - മഹാഭാരതത്തിലെ ഒറ്റ നോട്ടത്തിൽ ശ്ലഥമെന്നു തോന്നാവുന്ന ഘടനയുടെ, ആഖ്യാനപരമ്പരകളുടെ, ആന്തരികമായ കെട്ടുറപ്പ്, അവയുടെ അന്തർലീനമായ പരസ്പര ബന്ധങ്ങൾ.

മഹാഭാരതത്തിൽ നിന്നുള്ള ലാലിന്റെ മൂന്നാമത്തെ ആഖ്യാനം ഒരു രൂപകം മാത്രമാണ്. മൂലം മേലും, ശാഖ താഴെയുമായ, അസംഗശസ്ത്രം കൊണ്ട് വെട്ടിമുറിക്കാൻ കൃഷ്ണൻ നിർദ്ദേശിക്കുന്ന അശ്വത്ഥവൃക്ഷം. ഈ വെട്ടിമുറിക്കൽ എന്ത്? എന്തിന്? ഈ ചോദ്യങ്ങൾക്കുള്ള സമാധാനം അൽപപ്രജ്ഞരായ നമുക്ക് മനസ്സിലാവാൻ, നമ്മുടെ യുഗത്തിലെതന്നെ ഒരു ഋഷി പറഞ്ഞുതന്നിട്ടുണ്ട്. അങ്ങനെ നാം മഹാഭാരതത്തിൽ നിന്നും ശ്രീരാമകൃഷ്ണവചനങ്ങളിലെത്തുന്നു.

വ്യാസമഹാഭാരതത്തെ ആസ്പദമാക്കിയുള്ള ഈ നാല് പഠനങ്ങൾ മുമ്പ് വിചാരിക്കപ്പെടാത്ത അർത്ഥതലങ്ങളിലേക്ക് വായനക്കാരനെ എത്തിക്കുന്നു, വായനക്കാരനിൽ രൂഢമായ ചില വിശ്വാസങ്ങളെ ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുന്നു, മഹാഭാരതമെന്ന ജീവിതപുസ്തകത്തിന്റെ പുനർവായനയ്ക്ക് പ്രചോദനം നൽകുന്നു - നിരന്തരം ചോദ്യം ചെയ്യലുകളാൽ സമൃദ്ധമായ വ്യാസമഹാഭാരതത്തെപ്പോലെത്തന്നെ.

**സൂചനകൾ**


1. Rethinking the Mahabharata: A Reader's Guide to the Education of the Dharma King, *Alf Hiltebeitel*, (Chicago University Press, 2001).

2. Mahabharata Tatparyanirnayam, *Madhvacaryar*, available on the internet at http://www.dvaita.org/sources/mbtn

3. Srimanmahabharatam, with bharata bhavadipa commentary of *Nilakantha* edited by Pandit Ramchandrashastri Kinjawadekar, (Munshiram Manoharlal Publishers, New Delhi).

4. ധ്വന്യാലോകം.

5. Available on the internet at http://bombay.oriental.cam.ac.uk/john/mahabharata/statement.html

6. *മഹാഭാരതത്തെപ്പറ്റി*. ഇംഗ്ലീഷ് വിവർത്തനം: The Book of Yudhisthir, translated by Sujith Mukherjee, (Sangam Books, India, 1986)

7. Who's who in the Pandav Lila, *William S. Sax* in The Gods at Play: Lila in South Asia, William S. Sax (editor) (Oxford University Press, 1995).

8. The Mahabharata attributed to Krishna Dvaipayana Vyasa, *Barend A. van Nooten*, (Twayne Publishers, Inc., New York, 1971).

9. Myths and Symbols in Indian Art and Civilization, *Heinrich Zimmer*, (Princeton University Press, 1972).


**എ. ഹരീന്ദ്രനാഥ്**